**പതിനാലാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 82 — 07.08.2017-ൽ മറുപടിയ്ക്ക്

## <u>മെട്രോയാത്രയിൽ ഉണ്ടായിട്ടുള്ള അക്രമം</u>

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ | | ശ്രീ.പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്തെ മുൻ മുഖ്യമന്ത്രിയുടെയും പ്രതിപക്ഷ നേതാവിന്റെയും നേതൃത്വത്തിൽ 2017 ജൂൺ 20-ന് നടത്തിയ മെട്രോ യാത്രയിൽ ഉണ്ടായിട്ടുള്ള അക്രമം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇത് സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള അന്വേഷണം നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ; | (ബി) | ഇതു സംബന്ധിച്ച് കെ.എം.ആർ.എൽ ഒരു ഉന്നതതല അന്വേഷണം നടത്തിയിട്ടുണ്ട്. അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ 20.06.2017-ന് യാത്രയിൽ പങ്കെടുത്ത ചിലർ കൂട്ടം കൂടി മുദ്രാവാക്യം വിളിക്കുകയും, സഹയാത്രികർക്ക് ബുദ്ധിമുട്ടുണ്ടാക്കുകയും ചെയ്തുവെന്ന് കണ്ടെത്തി. ടി പ്രവൃത്തികൾ മെട്രോ റെയിൽ ഓപ്പറേഷൻസ് മെയിന്റനൻസ് ആക്ട് 2002 സെക്ഷൻ 59(1)(സി)62(1) പ്രകാരം കുറ്റകരമാണെന്നും റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. |
| (സി) | ഈ അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ? | (സി) | മേൽപ്പറഞ്ഞ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുന്നതിലേക്കായി ആലുവ പോലീസ് സ്റ്റേഷൻ സബ് ഇൻസ്പെക്ടർ, പാലാരിവട്ടം പോലീസ് സ്റ്റേഷൻ സബ് ഇൻസ്പെക്ടർ എന്നിവർക്ക് കെ.എം.ആർ.എൽ പരാതി നൽകിയിട്ടുണ്ട്. |

അണ്ടർ സെക്രട്ടറി